**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 974** **10-06-2021 - ൽ മറുപടിയ്ക്ക്**

**പ്രകൃതിദുരന്തത്തിൽ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ പി .** | | **Shri. K. Rajan**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| (എ) | പ്രകൃതിദുരന്തം മൂലം ഭാഗികമായോ പൂർണ്ണമായോ വീട് തകർന്നിട്ടുള്ളവർക്ക് ലഭിക്കുന്ന ധനസഹായത്തിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (എ) | ദുരന്ത നിവാരണ വകുപ്പിന്റെ 23.08.2019 തീയതിയിലെ സ.ഉ.(കൈ)നം.25/2019-ദുനിവ ഉത്തരവിന്റെ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) അടിസ്ഥാനത്തിൽ പ്രകൃതി ദുരന്തങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മിനിമം റിലീഫ് കോഡ് പ്രകാരമുള്ള ധനസഹായം അനുവദിച്ചു വരുന്നുണ്ട്. |
| (ബി) | പട്ടാമ്പി മണ്ഡലത്തിൽ 2016 മുതൽ ഇതുവരെയുള്ള കാലഘട്ടത്തിൽ ഈ ആവശ്യത്തിനായി സമർപ്പിച്ചിട്ടുള്ള എത്ര അപേക്ഷകളിൽ ധനസഹായം ലഭിച്ചിട്ടില്ല എന്നുള്ളത് വ്യക്തമാക്കാമോ; | (ബി) | 14 കേസുകളിൽ നാശനഷ്ടത്തോത് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എൻജിനീയറുടെ റിപ്പോർട്ട് ലഭിക്കാത്തതിനാലും, 3കേസുകളിൽ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് ലഭ്യമാക്കാത്തതിനാലും ധനസഹായം അനുവദിക്കാൻ സാധിച്ചിട്ടില്ലാത്തതാണ്. |
| (സി) | സാങ്കേതികപ്പിഴവ് കാരണം അർഹരായവർക്ക് ധനസഹായം ലഭിക്കാത്ത സാഹചര്യമുണ്ടെങ്കിൽ അത് പരിഹരിച്ചുകൊണ്ട് അടിയന്തരമായി ധനസഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | സാങ്കേതികപ്പിഴവ് സംഭവിച്ചിട്ടുള്ള കേസുകളിൽ ആയത് പരിഹരിച്ച് ധനസഹായം അനുവദിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

| **വീടിന്റെ നാശനഷ്ടത്തോത്** | **സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ചിട്ടുള്ള തുക** |
|---|---|
| 75-100% മലയോരം | 1,01,900/- |
| 75-100% സമതലം | 95,100/- |
| 60-74% മലയോരം | 76,500/- |
| 60-74% സമതലം | 71,000/- |
| 30-59% മലയോരം | 51,000/- |
| 30-59% സമതലം | 47,500/- |
| 16-29% മലയോരം | 30,500/- |
| 16-29% സമതലം | 28,500/- |
| കുറഞ്ഞത് 15 % | 5,200/- |

"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

പ്രകൃതിക്ഷോഭം 2019 - പ്രകൃതിക്ഷോഭത്തിൽ വീടുകൾക്ക് നാശം സംഭവിച്ചവർക്കുള്ള ആശ്വാസ ധനസഹായം - മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്രമായ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

**സ.ഉ.(കൈ) നം.25/2019/DMD** തീയതി,തിരുവനന്തപുരം, 23/08/2019

---

പരാമർശം:- 1 സ.ഉ.(കൈ)നം.7/2018/ഡി.എം.ഡി. തീയതി 21-06-2018

2 സ.ഉ.(കൈ)നം.18/2018/ഡി.എം.ഡി. തീയതി 3-09-2018

3 സ.ഉ.(കൈ)നം.24/2018/ഡി.എം.ഡി. തീയതി 26-10-2018

4 സ.ഉ.(കൈ)നം.1/2019/ഡി.എം.ഡി. തീയതി 11-1-2019

5 സ.ഉ.(കൈ)നം.124/2019/ഡി.എം.ഡി. തീയതി 16-02-2019

6 സ.ഉ.(കൈ)നം.7/2019/ഡി.എം.ഡി. തീയതി 7-03-2019

7 സ.ഉ.(കൈ)നം.19/2019/ഡി.എം.ഡി. തീയതി 12-07-2019

8 സ.ഉ.(കൈ)നം.22/2019/ഡി.എം.ഡി. തീയതി 17-08-2019

9 ലാൻഡ് റവന്യൂ കമ്മീഷണറുടെ 19-8-2019ലെ നമ്പർ രേഖപ്പെടുത്താത്ത ശിപാർശ

10 ലാൻഡ് റവന്യൂ കമ്മീഷണറുടെ എൽ.ആർ (എച്ച്) 2-16293/19 dated 19-8-2019

11 സ.ഉ.(സാധാ)നം 520/2019/ഡി.എം.ഡി. തീയതി 19-08-2019

12 സ.ഉ.(കൈ)നം.23/2019/ദുനിവ. തീയതി 22-08-2019

## ഉത്തരവ്

കേരള സംസ്ഥാനം നേരിട്ട ഏറ്റവും രൂക്ഷമായ പ്രകൃതി ദുരന്തമായിരുന്നു 2018 ലെ വെള്ളപ്പൊക്കം. ഈ ദുരന്ത ആഘാതത്തിൽ നിന്നും ഒരു തിരിച്ചുവരവ് നടത്തുന്ന സമയത്താണ് വീണ്ടും ഒരു ദുരന്തം സംസ്ഥാനത്തെ ഗ്രസിച്ചിരിക്കുന്നത്. ദുരന്ത ബാധിതർ ആരെല്ലാം എന്ന നിർവചനം പരാമർശം (8), (12) എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം ദുരന്ത ബാധിത കുടുംബം ഒന്നിന് അടിയന്തിര

സഹായം ആയി 10,000 രൂപ വീതവും, പൂർണ്ണമായും തകർന്നതോ, പൂർണ്ണമായും വാസയോഗ്യം അല്ലാതായതോ (75%ൽ അധികം നാശനഷ്ടം നേരിട്ട വീടുകൾ) ആയ വീടുകളിൽ വസിക്കുന്നവർക്ക് 4 ലക്ഷം രൂപയും, വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് വീട് നിർമിക്കുവാൻ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പരാമർശം (8) പ്രകാരം അനുവദിച്ചിട്ടുള്ള അടിയന്തിര സഹായമായ 10,000 രൂപ ലഭിക്കുന്നതിന് പ്രകൃതിക്ഷോഭത്തിൽ ദുരന്ത ബാധിതരായ വാടകയ്ക്ക് താമസിക്കുന്ന കുടുംബങ്ങൾക്കും, പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങൾക്കും അർഹതയുണ്ട്.

2]. പരാമർശം (2) പ്രകാരം വീടുകളുടെ നാശനഷ്ടതോത് 5 കാറ്റഗറി ആയി തിരിച്ച് നിർവചിച്ചിരുന്നു. ഓരോ കാറ്റഗറിയിലും ഉൾപ്പെടുന്ന വീടുകൾക്ക് പരാമർശം (3) പ്രകാരം അനുവദനീയമായ ദുരിതാശ്വാസ തുക നിർണയിച്ചിരുന്നു. 2019ലെ ദുരന്ത ആഘാതം 2018ലേതിൽ നിന്നും വ്യത്യസ്തം ആയതിനാൽ മേൽ പരമർശിച്ച 5 കാറ്റഗറിയുടെയും നിർവചനത്തിൽ ചുവടെ ചേർക്കുന്ന മാറ്റങ്ങൾ വരുത്തണം എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (9) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

| **പ്രകൃതിക്ഷോഭത്തിൽ കേടുപാട് പറ്റിയ വീടുകളുടെ നാശനഷ്ടം വിലയിരുത്തുന്നതിനുള്ള മാനദണ്ഡം (ഇത് അടിയന്തിര ആശ്വാസ ധനസാഹയമായ 10,000 രൂപയ്ക്ക് പുറമെ നൽകേണ്ടുന്ന തുകയാണ്)** | |
|---|---|
| മുട്ടോപ്പം ഉയരത്തിൽ വെള്ളം കയറി ചെറിയ കേടുപാടുകൾ വന്നത്<br>*അല്ലെങ്കിൽ*<br>10%ത്തിൽ താഴെ മേൽക്കൂരയ്ക്ക് നാശനഷ്ടം സംഭവിച്ച<br>*അല്ലെങ്കിൽ*<br>ഇലക്ട്രിക്കൽ/പ്ലംബിംങ് തകരാറുകൾ സംഭവിച്ചത്<br>*അല്ലെങ്കിൽ*<br>ഗൃഹോപകരണങ്ങൾ ഉപയോഗശൂന്യമായത് | 15% |
| വെള്ളം കയറിയത് കൊണ്ട് തറയ്ക്ക് കേടുപാട് സംഭവിച്ചത് & ഇലക്ട്രിക്കൽ പ്ലംബിംങ് തകരാറുകൾ<br>*അല്ലെങ്കിൽ*<br>മേൽക്കൂരയുടെ 25% വരെ തകരാറുകൾ സംഭവിച്ചത് & ഇലക്ട്രിക്കൽ പ്ലംബിംങ് തകരാറുകൾ വന്നത്<br>*അല്ലെങ്കിൽ*<br>വീട്ടിനകത്തു ചെളിയോ മണ്ണോ അടിഞ്ഞു കൂടിയത്<br>*അല്ലെങ്കിൽ*<br>മേൽക്കൂരയുടെ 50% വരെ തകരാറുകൾ സംഭവിച്ചത് | 16-29% |

| | |
|---|---|
| ചുമര് ദുർബലമായി പൊട്ടലുകൾ വന്നത്<br><br>*അല്ലെങ്കിൽ*<br><br>50%ത്തിൽ ഏറെ മേൽക്കൂര നഷ്ടമായി എന്നാൽ മേൽക്കൂരയക്ക് സ്ട്രക്ചറിൽ തകരാറില്ല (കോൺക്രീറ്റ് അല്ലാത്ത മേൽക്കൂരയുള്ള കെട്ടിടങ്ങൾക്ക്) | 30-59% |
| ഒന്നോ ഏറയോ ചുമരുകൾ തകർന്നു, എന്നാൽ മേൽക്കൂരയ്ക്ക് സ്ട്രക്ചറൽ തകരാറില്ല (കോൺക്രീറ്റ് അല്ലാത്ത മേൽക്കൂരയുള്ള കെട്ടിടങ്ങൾക്ക്) | 60-74% |
| സ്ട്രക്ചറൽ തകരാർ സംഭവിച്ച് കെട്ടിടം<br><br>മേൽക്കൂര തകർന്ന കെട്ടിടം (കോൺക്രീറ്റ് മേൽക്കൂരയുള്ള കെട്ടിടങ്ങൾ ഉൾപ്പടെ)<br><br>*അല്ലെങ്കിൽ*<br><br>അടിത്തറ തകർന്ന് വാസയോഗ്യം അല്ലാതായത്<br><br>*അല്ലെങ്കിൽ*<br><br>വാസയോഗ്യം അല്ല എന്ന് എൻജിനിയർ ശിപാർശ ചെയ്യുന്ന വീട്<br><br>*അല്ലെങ്കിൽ*<br><br>ദുരന്ത സാധ്യതാ മേഖലയിൽ ആണ് എന്ന് ജിയോളജിക്കൽ സർവേ ഓഫ് ഇൻഡ്യയോ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 19.08.2019 തീയതിയിലെ സ.ഉ.(സാധാ)നം.520/2019/ഡി.എം.ഡി. പ്രകാരം നിയോഗിച്ച വിദഗ്ദ്ധ സംഘമോ പഠനം നടത്തി കണ്ടെത്തിയിട്ടുള്ള വസ്തുവിൽ ഉള്ള വീട് | 75-100% |

3] സർക്കാർ ഇക്കാര്യത്തോടൊപ്പം 2018ലെ പ്രളയ സമയത്ത് കൈകൊണ്ട നടപടിക്രമങ്ങളും വിശദമായി പരിശോധിച്ചു. ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശ പരിഗണിച്ചുകൊണ്ട്, പരാമർശം (3) ലെ മിനിമം റിലീഫ് കോഡ് പ്രകാരമുള്ള ആശ്വാസ ധനസഹായം ചുവടെ ചേർക്കുന്ന വിധം അനുവദിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

| വീടിന്റെ നാശനഷ്ട തോത് | SDRF | CMDRF | Total |
|---|---|---|---|
| 75-100% മലയോരം | 1,01,900 | 2,98,100 | 4,00,000 |
| 75-100% സമതലം | 95,100 | 3,04,900 | 4,00,000 |
| 60-74% മലയോരം | 76,500 | 1,73,500 | 2,50,000 |
| 60-74% സമതലം | 71,000 | 1,79,000 | 2,50,000 |
| 30-59% മലയോരം | 51,000 | 74,000 | 1,25,000 |
| 30-59% സമതലം | 47500 | 77,500 | 1,25,000 |
| 16-29% മലയോരം | 30,500 | 29,500 | 60,000 |
| 16-29% സമതലം | 28,500 | 31,500 | 60,000 |
| കുറഞ്ഞത് 15% (at least 15%) | 5,200 | 4,800 | 10,000 |
| | | | |

| | | | |
|---|---|---|---|
| പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിക്കുവാൻ സ്ഥലം വാങ്ങുന്നതിന് (ഇത്തരത്തിൽ സ്ഥലം വാങ്ങുന്ന ദുരന്ത ബാധിതർ അവരുടെ ഉടമസ്ഥതയിൽ മുൻപ് ഉണ്ടായിരുന്നതും, ദുരന്തത്തിൽ നാശം സംഭവിച്ചതുമായ വീട് നിലനിന്ന വസ്തുവിൽ ഭാവിയിൽ ഒരു നിർമ്മാണ പ്രവർത്തിയും നടത്തുന്നില്ല എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പാക്കേണ്ടതാണ്) | | ≤6,00,000 | ≤6,00,000 |
| | | | |
| പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് വീടും സ്ഥലവും ഒരുമിച്ച് വാങ്ങുന്നതിന് (ഇത്തരത്തിൽ സ്ഥലം വാങ്ങുന്ന ദുരന്ത ബാധിതർ അവരുടെ ഉടമസ്ഥതയിൽ മുൻപ് ഉണ്ടായിരുന്നതും, ദുരന്തത്തിൽ നാശം സംഭവിച്ചതുമായ വീട് നിലനിന്ന വസ്തുവിൽ ഭാവിയിൽ ഒരു നിർമ്മാണ പ്രവർത്തിയും നടത്തുന്നില്ല എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പാക്കേണ്ടതാണ്) | 1,01,900 (മലയോരം - വീടിന്)<br><br>95,100/- (സമതലം - വീടിന്) | 2,98,100 (മലയോരം - വീടിന്)<br><br>3,04,900/- (സമതലം - വീടിന്)<br><br>≤6,00,000<br><br>(സ്ഥലം വാങ്ങുന്നതിന്) | ≤10,00,000 |
| | | | |
| ദുരന്ത സാധ്യതാ മേഖലയിൽ ആണ് എന്ന് ജിയോളജിക്കൽ സർവേ ഓഫ് ഇൻഡ്യയോ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 19.08.2019 തീയതിയിലെ സ.ഉ.(സാധാ)നം.520/2019/ഡി.എം.ഡി. പ്രകാരം നിയോഗിച്ച വിദഗ്ദ്ധ സംഘമോ പഠനം നടത്തി വാസയോഗ്യം അല്ല എന്ന് കണ്ടെത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച വീടുള്ള വസ്തുവിൽ നിന്നും മാറി വസ്തു വാങ്ങി വീട് നിർമിക്കുന്നതിന് / വസ്തുവും വീടും ഒരുമിച്ച് വാങ്ങുന്നതിന് (ഇത്തരത്തിൽ സ്ഥലം വാങ്ങുന്ന ദുരന്ത ബാധിതർ അവരുടെ ഉടമസ്ഥതയിൽ മുൻപ് ഉണ്ടായിരുന്നതും, ദുരന്ത സാധ്യത ഉള്ളതാണ് എന്ന് വിദഗ്ദ്ധ പഠനം ചൂണ്ടികാട്ടിയതുമായ, വീട് നിലനിന്ന വസ്തുവിൽ ഭാവിയിൽ ഒരു നിർമ്മാണ പ്രവർത്തിയും നടത്തുന്നില്ല എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പാക്കേണ്ടതാണ്. ഇത്തരത്തിൽ സഹായം സ്വീകരിച്ച ശേഷം ദുരന്ത സാധ്യതയുള്ള വീടിൽ തുടർന്നും ആരും വസിക്കുന്നില്ല എന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പാക്കേണ്ടതാണ്) | | ≤10,00,000 | ≤10,00,000 |

4] പരാമർശം (1), പരാമർശം (8) എന്നീ ഉത്തരവുകളിലെ നിബന്ധനകൾ പ്രകാരം പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിക്കുവാൻ സ്ഥലം

വാങ്ങുന്നതിന് 6 ലക്ഷം രൂപയും, വീട് വയ്ക്കുന്നതിന് 4 ലക്ഷം രൂപയും അനുവദിച്ചിരുന്നു. ഈ തീരുമാനം 2019ലെ പ്രകൃതിക്ഷോഭത്തിൽ ദുരന്ത ബാധിതരായവർക്കും ബാധകമാണ്.

5] പരാമർശം (5) ഉത്തരവ് പ്രകാരം 6 ലക്ഷം രൂപ വിനിയോഗിച്ചുകൊണ്ട് രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി, എഴുത്ത് ഫീസ് ഉൾപ്പടെ കുറഞ്ഞത് 3 സെൻറ് വസ്തുവെങ്കിലും വാങ്ങേണ്ടതാണ് എന്നും, 6 ലക്ഷം രൂപ ഉപയോഗിച്ച് പരമാവധി അളവിലും ഭൂമി വാങ്ങാവുന്നതാണ് എന്നും ഉത്തരവായിരുന്നു. ഈ തീരുമാനം 2019ലെ പ്രകൃതിക്ഷോഭത്തിൽ ദുരന്ത ബാധിതരായവർക്കും ബാധകമാണ്.


6] പരാമർശം (7) ഉത്തരവ് പ്രകാരം പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് സ്ഥലവും വീടും ഒരുമിച്ച് വാങ്ങുന്നതിന് 10 ലക്ഷം രൂപ വരെ അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവായിരുന്നു. ഈ തീരുമാനം 2019ലെ പ്രകൃതിക്ഷോഭത്തിൽ ദുരന്ത ബാധിതരായവർക്കും ബാധകമാണ്.

7] പരാമർശം (8) ലെ വ്യവസ്ഥകൾ പ്രകാരം ദുരന്ത ബാധിതരായ പുറമ്പോക്ക് ഭൂമിയിലെ വീടിന് നാശനഷ്ടം ഉണ്ടായിട്ടുള്ളവർക്കും ദുരിതാശ്വാസ സഹായം അനുവദിക്കേണ്ടതാണ്.

8] പുറമ്പോക്ക് ഭൂമിയിലെ വീടിന് ഭാഗീക നാശനഷ്ടം ഉണ്ടായിട്ടുള്ളവർക്കും പട്ടിക 1, 2 എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് തുക അനുവദിക്കേണ്ടതാണ്. പുറമ്പോക്ക് ഭൂമിയിലെ വീടിന് പൂർണ്ണമായ നാശനഷ്ടം ഉണ്ടായിട്ടുള്ളവർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് പരമാവധി 10 ലക്ഷം രൂപ വരെ അനുവദിക്കേണ്ടതാണ്.

9] ദേശീയ പാതാ വികസനത്തിന് ഏറ്റെടുക്കുന്നതിനായി ഉദ്ദേശിച്ച (3എ വിജ്ഞാപനം പുറപ്പെടുവിച്ച് കഴിഞ്ഞവയിൽ) ഭൂമിയിൽ സ്ഥിതി ചെയ്തിരുന്നവയും 2019ലെ പ്രകൃതിക്ഷോഭത്തിൽ പൂർണ്ണനാശം സംഭവിച്ചതുമായ വീടുകളിൽ താമസിച്ചിരുന്നവർക്ക് സ്വന്തമായി വീട് നിർമിക്കുന്നതിനായി പരാമർശം (3) പ്രകാരമുള്ള ആശ്വാസ ധനസഹായം ആയ 4 ലക്ഷം രൂപ ഈ വർഷത്തെ പ്രകൃതിക്ഷോഭത്തിൽ ദുരിതബാധിതരായവർക്കും അനുവദിക്കുന്നതിന് ഉത്തരവാകുന്നു. പ്രസ്തുത തുക അവാർഡ് തുകയിൽ നിന്നും കുറച്ച് അനുവദിക്കേണ്ടതാണ്.

10] 2019ലെ പ്രകൃതിക്ഷോഭത്തിൽ ദുരിത ബാധിതരായ കുടുംബങ്ങളുടെയും, വീടുകളുടെയും ഡിജിറ്റൽ വിവരശേഖരണം ചുവടെ ചേർത്തിരിക്കുന്ന ഫ്ളോ ചാർട്ട് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറുടെ മേൽ നോട്ടത്തിൽ സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.




**ക്ലെയിം**

i. ഉദ്യോഗസ്ഥർ മേൽ ഫ്ളോ ചാർട്ട് പ്രകാരം നേരിട്ട് നടത്തുന്ന സർവേയിൽ ഉൾപ്പെടാതെ പോയി എന്ന് അവകാശവാദം ഉള്ളവർ സമർപ്പിക്കുന്ന വെള്ളപേപ്പറിലുള്ള അപേക്ഷയെയാണ് ക്ലെയിം എന്ന് വിളിക്കേണ്ടത്. അപേക്ഷയിൽ സ്റ്റാമ്പ് ഒട്ടിക്കേണ്ടത് ഇല്ല.

ii. ഇത്തരക്കാർ പരാതി നേരിട്ട് തഹസിൽദാറിന് മാത്രം സമർപ്പിക്കുക.

iii. തഹസിൽദാർ ഇത്തരത്തിൽ ലഭിക്കുന്ന ക്ലെയിം അതാത് പഞ്ചായത്ത് വാർഡിലെ സർവേ ടീമിന് നൽകുക.

iv. സർവേ ടീം പരിശോധിച്ച് വിവര ശേഖരണ മൊബൈൽ ആപ്ലിക്കേഷനിലൂടെ നിശ്ചയിക്കുന്ന മാനദണ്ഡം പ്രകാരമുള്ള അടിയന്തിര സഹായമോ, വീടിന്റെ നാശനഷ്ട

തോതോ അനുസരിച്ച് അതാത് മേൽ തട്ടിലേക്ക് നൽകുക.

11] 2019ലെ പ്രകൃതിക്ഷോഭത്തിൽ ദുരന്ത ബാധിതരായവർക്കുള്ള അടിയന്തിര സഹായമായ Rs. 10,000 രൂപയുടെയും, വീടുകൾക്ക് ഉണ്ടായ നാശ നഷ്ടത്തിനുള്ള ദുരിതാശ്വാസത്തിന്റെയും സമയ ബന്ധിതമായ വിതരണം ഉറപ്പാക്കുവാൻ ചുവടെ ചേർക്കുന്ന കമ്മിറ്റിയെ നിയോഗിക്കുന്നു:

1. അധ്യക്ഷ: ലാൻഡ് റവന്യൂ കമ്മീഷണർ
2. നഗരകാര്യ വകുപ്പ് ഡയറക്ടറുടെ പ്രതിനിധിഡി.എം.ഡി
3. പഞ്ചായത്ത് വകുപ്പ് ഡയറക്ടറുടെ പ്രതിനിധി
4. ഐ.റ്റി മിഷൻ ഡയറക്ടറുടെ പ്രതിനിധി
5. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെംബർ സെക്രട്ടറിയുടെ പ്രതിനിധി
6. കൺവീനർ: അസിസ്റ്റൻറ് കമ്മീഷണർ, ദുരന്ത നിവാരണം

12] ജില്ലാ തലത്തിൽ, പരാമർശം (10)-ലെ ലാന്റ് റവന്യൂ കമ്മീഷണറുടെ കത്ത് പ്രകാരം ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

13] 2019ലെ പ്രകൃതിക്ഷോഭത്തിൽ പൂർണ്ണനാശം സംഭവിച്ച വീടുകളിൽ, തീരദേശ പരിപാലന മേഖലയിൽ (CRZ) ഉൾപ്പെടുന്നവയും, തീരദേശ പരിപാലന അതോറിറ്റി (CZMA) വീട് നിർമ്മാണത്തിന് നിയമാനുസരണം അനുമതി നല്കാൻ ആകാത്തവയും, എന്നാൽ പരിശോധനയിൽ അർഹതപ്പെട്ട കേസുകളാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതുമായവയിൽ, പ്രസ്തുത സ്ഥലം ഉപയുക്തമാക്കുന്നതിനോ, സ്ഥലം വാങ്ങി നൽകുന്നതിനോ ആവശ്യമായ നടപടി ജില്ലാ കളക്ടർമാർ ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തിരം സ്വീകരിക്കേണ്ടതാണ്.

14] ദുരന്ത ബാധിതർ വീട് തകർന്ന അതേ സ്ഥലത്താണ് വീട് പുനർനിർമിക്കുന്നത് എങ്കിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം വീട് നിർമ്മാണത്തിന് ഒരാഴ്ച്ചയ്ക്ക് ഉള്ളിൽ അനുമതി നൽകേണ്ടതാണ്. എന്നാൽ പ്രസ്തുത സ്ഥലം (വസ്തു) ദുരന്ത സാധ്യതാ മേഖലയിൽ ആണ് എന്ന് ജിയോളജിക്കൽ സർവേ ഓഫ് ഇൻഡ്യയോ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പരമർശം (11) പ്രകാരം നിയോഗിച്ച വിദഗ്ദ്ധ സംഘമോ പഠനം നടത്തി കണ്ടെത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച സ്ഥലത്ത് (വസ്തുവിൽ) പുതിയ കെട്ടിട നിർമ്മാണ പ്രവർത്തികൾക്ക് അനുമതി നൽകരുത്.

15] 2019 ഓഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ [വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, പാറ വീഴ്ച, പാറ നിരങ്ങൽ, ഉരുൾപൊട്ടൽ, ഇടിമിന്നൽ, ശക്തമായ കാറ്റ്, കുഴലീകൃത മണ്ണൊലിപ്പ് (soil pipping), തീരശോഷണം എന്നീ അംഗീകൃത ദുരന്തങ്ങളിൽ] ദുരന്ത ബാധിതരായ കുടുംബങ്ങൾക്കാണ് മേൽ പരമർശിച്ചിട്ടുള്ള പ്രകാരം ദുരിതാശ്വാസ സഹായത്തിന് അർഹത ഉള്ളത്.

16] 2018ലെ മഹാപ്രളയത്തിൽ ദുരന്ത ബാധിതരായ കുടുംബങ്ങൾക്ക് പ്രസ്തുത കാലയളവിൽ പുറപ്പെടുവിച്ച ഉത്തരവുകളും, നിർദേശങ്ങളും ദുരിതാശ്വാസ സഹായത്തിന് പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമേശൻ.എം.കെ**
**അഡീഷണല് സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
അസിസ്റ്റന്റ് കമ്മീഷണർ, ദുരന്ത നിവാരണം (ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം)
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, അർബർ അഫയേഴ്സ്
ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്,
ഡയറക്ടർ, ഐ.റ്റി. മിഷൻ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
ഡയറക്ടർ, ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ, നെട്ടയം. തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ്)
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും, (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്ലാനിംഗ് (സി.പി.എം.യു) വകുപ്പ്
റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം , എറണാകുളം, കോഴിക്കോട്, തൃശ്ശൂർ
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും ബന്ധപ്പെട്ട എല്ലാ വകുപ്പ് തലവൻമാർക്കും (ഭരണ വകുപ്പുകൾ മുഖേന)
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

**പകർപ്പ് :-**

ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
എല്ലാ വകുപ്പ് മന്ത്രിമാരുടെയും പി.എസിന്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്.ന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്)പി.എ.-യ്ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ (റവന്യൂ വകുപ്പ്)സി.എ-യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ (ദുരന്ത നിവാരണ വകുപ്പ്)സി.എ-യ്ക്ക്
ഡി.എം.(ബി) വകുപ്പ്
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ്
ഡി.എം. (എ4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ